സർവ്വീസ് ഭേദഗതി അനുസരിച്ച് ഉദ്യോഗക്കയറ്റംവഴി നിയമനം ലഭിക്കുന്നവർക്കും പ്രൊബേഷൻ രണ്ടു വർഷമാക്കിയിട്ടുണ്ട്. എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്കും ഈ നിയമം തന്നെയാണ് നിലനിൽക്കുന്നത്.

(ഡി) ഈ വർഷം ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

എച്ച്. എസ്. എ. (സോഷ്യൽ സ്റ്റഡീസ്)-മാരുടെ നിയമനം ത്വരിതപ്പെടുത്തൽ

50 [2267] ശ്രീ. സി. മമ്മൂട്ടി:
„ പി. കെ. കെ. ബാവ:
„ കളത്തിൽ അബ്ദുള്ള:
„ പി. കെ. അബ്ദുറബ്ബ്:
„ ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എച്ച്.എസ്.എ. (സോഷ്യൽ സ്റ്റഡീസ്) തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള ഒഴിവുകളിൽ നിയമനം ത്വരിതപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എല്ലാ ജില്ലകളിലും കൂടി 57 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പി.എസ്.സി. വഴി നിയമനം നടത്തേണ്ട എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്യുവാൻ നിയമനാധികാരികളായ എല്ലാ ജില്ലയിലേയും വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നടക്കാവ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള നടപടി

51 [2268] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നടക്കാവ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly